**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.473 27.09.2016 -ൽ മറുപടിയ്ക്ക്

**മദ്യനയം മൂലം ടൂറിസം മേഖലക്കുണ്ടായ തളർച്ച**

| ചോദ്യം<br><br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br><br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ മദ്യനയം മൂലം കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ എന്തെങ്കിലും തളർച്ച നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) | വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുവന്നിട്ടില്ലെങ്കിലും വളർച്ചാ നിരക്കിൽ കുറവു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>'Trade Research Survey 2016' എന്ന പേരിൽ ടൂറിസം വകുപ്പ് നടത്തിയ പഠനത്തിൽ ടൂറിസം രംഗത്തെ വളർച്ചാ നിരക്കിലുള്ള കുറവിന്റെ മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിൽ ഉണ്ടായ ഇടിവാണ്. കൂടാതെ സംസ്ഥാനത്തെ നിലവിലെ മദ്യനയവും പ്രസ്തുത ഇടിവിനുള്ള കാരണങ്ങളിലൊന്നായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ